## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5125

02.07.2013 ൽ മറുപടി നല്കേണ്ടിയിരുന്നത്

### കെട്ടിടങ്ങൾക്ക് സൗരോർജ്ജ പ്ലാന്റുകൾ

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

(എ) 2500 ചതുരശ്ര അടിക്കുമുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കണം എന്ന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇങ്ങനെ സ്ഥാപിക്കുന്ന സൗരോർജ്ജ പാനലുകൾക്ക് സബ്സിഡി അനുവദിക്കുമോ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ)യും (ബി)യും

തദ്ദേശസ്വയം ഭരണ വകുപ്പിലെ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടം 109 c യിൽ 500 ചതുരശ്ര അടിയോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് ഹൗസുകൾ, റസിഡൻഷ്യൽ ഫ്ലാറ്റുകൾ പ്രത്യേക വാസ ഗൃഹകെട്ടിടങ്ങൾ കമ്മ്യൂണിറ്റി ഹാളുകൾ, ആഡിറ്റോറിയങ്ങൾ, വെഡ്ഡിംഗ് ഹാളുകൾ എന്നിവയ്ക്ക് സൗരോർജ്ജ സഹായത്താലുള്ള വാട്ടർ ഹീറ്ററുകളോ ലൈറ്റിംഗ് സംവിധാനമോ ഏർപ്പെടുത്തണമെന്ന് പ്രതിപാദിക്കുന്നുണ്ട്. കൂടാതെ 25.11.2013 ന് ഈ വകുപ്പിൽ നിന്ന് പുറത്തിറക്കിയ സ.ഉ.(പി) 49/2013/ഊ.വ യിലെ ക്ലാസ് നം. 6.7 പ്രകാരം 2000 ചതുരശ്രഅടിമുതൽ 3000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് 100 ലിറ്റർ സൗരവാട്ടർ ഹീറ്ററും 500 വാട്ട് സോളാർ പി.വി സിസ്റ്റവും 3000 ചതുരശ്രഅടിയ്ക്കു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 100 ലിറ്റർ സൗരവാട്ടർഹീറ്ററും 1000 വാട്ട് സോളാർ പി.വി. സിസ്റ്റവും സ്ഥാപിക്കുവാൻ നിഷ്കർഷിക്കുന്നുണ്ട്. ഇതു പ്രകാരം നിലവിലെ കെട്ടിട നിയമത്തിലും ബൈലോയും വേണ്ട ഭേദഗതി വരുത്തുവാൻ തദ്ദേശസ്വയം ഭരണ വകുപ്പിന് ഈ വകുപ്പിൽ നിന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) ഏതെല്ലാം കമ്പനികൾക്കാണ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുളളത്;

(സി) പതിനായിരം വീടുകളിൽ റൂഫ് ടോപ്പ് പവർപ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുളള കമ്പനികളുടെ ലിസ്റ്റ് അനുബന്ധമായി ഉളളടക്കം ചെയ്യുന്നു. ഈ സ്ഥാപനങ്ങളെ കേന്ദ്രസർക്കാർ (MNRE) അംഗീകരിക്കപ്പെട്ടവയാണ്.

(ഡി) ടീം സോളാർ എന്ന കമ്പനി നടത്തിയതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ കണക്കിലെടുത്ത് അനെർട്ടിനെ ശക്തിപ്പെടുത്താനും അനെർട്ടി ലൂടെ മാത്രം പദ്ധതി നടപ്പി ലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഡി) 25.11.2013 ലെ ജി.ഒ പി. 49/13/പി.ഡി., ഉത്തരവ്വ വഴി പുറപ്പെടുവിച്ച സംസ്ഥാന സൗരോർജ്ജനയം, സംസ്ഥാനത്ത് ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച എല്ലാ കാര്യങ്ങളുടെയും മേൽനോട്ടം വഹിക്കാനുളള സർക്കാർ നോഡൽ ഏജൻസി അനെർട്ടാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ (എം.എൻ.ആർ.ഇ) അംഗീകരിച്ച സ്ഥാപനങ്ങൾ (channel partners) വഴി സ്ഥാപിക്കപ്പെട്ട സോളാർ പവർ പ്ലാന്റുകൾക്കു മാത്രമേ, ചെലവിന്റെ നിശ്ചിതശതമാനം കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ലഭിക്കുകയുളളൂ. ഈ സാഹചര്യത്തിൽ ടീം സോളാർ മാതിരിയുളള കപട സ്ഥാപനങ്ങൾക്ക്, ഇനിമേൽ യാതൊരുവിധ നിലനിൽപ്പും ഉണ്ടാവുകയില്ല എന്ന കാര്യത്തിൽ സംശയമില്ല.

Geetha V

സെക്ഷൻ ഓഫീസർ